**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 961 29/09/2011-ലെ മറുപടിക്ക്

നിർമ്മൽ മാധവന്റെ എഞ്ചിനീയറിംഗ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സർവകലാശാലാ ചട്ടങ്ങൾക്ക് അനുസരിച്ചാണോ 22787-ാം റാങ്കുകാരനായ നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിക്ക് വെസ്റ്റ് ഹിൽ ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നൽകിയത് ;<br>ബി) സ്വകാര്യ സ്വാശ്രയ കോളേജിൽ മാനേജ് മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥിയെ ഇന്റർ കോളേജ് ട്രാൻസ്ഫർ വഴി ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നൽകിയത് ശരിയായ നടപടിയാണോ; | എ, ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇഞ്ചിനീയറിംഗ് ആന്റ് ടെക് - നോളജിയിലെ രണ്ടാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന നിർമ്മൽ മാധവൻ സഹപാഠികളുടെ ശാരീരിക പീഡനം കാരണം ആത്മഹത്യക്ക് ശ്രമിക്കുകയും പ്രസ്തുത കോളേജിൽ പഠനം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ ടി.സി. വാങ്ങി ആലപ്പുഴ കോ-ഓപ്പറേറ്റീവ് എഞ്ചിനീയറിംഗ് കോളേജിൽ ഒന്നാം വർഷ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായി പഠനം നടത്തി വരികയായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ടി.സി. നൽകിയപ്പോൾ ഫീസായി വാങ്ങിയ 1,53,000/- രൂപ, യൂണിവേഴ്സിറ്റിയിലെ നിലവിലുള്ള നിയമപ്രകാരം തിരികെ നൽകാൻ കഴിയുകയില്ലെന്നും പ്രസ്തുത നിയമപ്രകാരം അദ്ധ്യയന കാലഘട്ടത്തിലെ ബാക്കി ഫീസായ 1,35,000/-രൂപ അടക്കേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ നിർമ്മൽ മാധവനെ അറിയിക്കുകയുണ്ടായി. കൂടാതെ |

കോർപ്പറേഷൻ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പയായെടുത്ത 2,30,000/-രൂപ തിരിച്ചടയ്ക്കണമെന്ന് ബാങ്ക് അധികൃതർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നും മേൽ സാഹചര്യത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ എഴുതാൻ കഴിയാത്ത രണ്ടാം വർഷ പരീക്ഷ, സപ്ലിമെന്ററി പരീക്ഷയായി കണക്കാക്കി കോഴിക്കോട് സർവകലാശാലയുടെ കീഴിലുള്ള മറ്റേതെങ്കിലും എഞ്ചിനീയറിംഗ് കോളേജിൽ മൂന്നാം വർഷം തുടർന്നു പഠിക്കുന്നതിനു വേണ്ട സാഹചര്യം നൽകണമെന്നും നിർമ്മൽ മാധവ് സർക്കാരിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച സർക്കാർ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിക്ക് കോഴിക്കോട് ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മൂന്നാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള സീറ്റിൽ പ്രവേശനം നൽകാൻ ബന്ധപ്പെട്ടവർക്ക് നിർ-ദ്ദേശം നൽകിയത്.

| | |
|---|---|
| സി) വെസ്റ്റ് ഹിൽ ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഒഴിവുള്ള മെക്കാനിക്കൽ സീറ്റിലേക്ക് എത്ര പേർ അപേക്ഷിച്ചിരുന്നു; ഏത് റാങ്ക് വരെയുള്ളവർക്കാണ് പ്രവേശനം ലഭിച്ചത്; | സി)കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ മൂന്നാം സെമസ്റ്ററിൽ (നിലവിൽ അഞ്ചാം സെമസ്റ്റർ) ഒഴിവുള്ള മൂന്ന് സീറ്റിലേക്ക് ഏഴ് വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നു. ഇതിൽ ഗോവിന്ദ് പ്രസാദ് ആർ. (എൻട്രൻസ് റാങ്ക് – 6286) എന്ന വിദ്യാർത്ഥിക്കു മാത്രമാണ് പ്രവേശനം ലഭിച്ചത്. |

| | | | |
|---|---|---|---|
| ഡി) | മാനേജ് മെൻറ് ക്വാട്ടയിൽ സിവിൽ എഞ്ചിനീയറിംഗിൽ പഠനം നിർത്തിയ വിദ്യാർത്ഥിയെ അഞ്ചാം സെമസ്റ്റർ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് പ്രമോഷനോട്ടു കൂടി സീറ്റ് നൽകിയത് ശരിയായ നടപടിയാണോ; | ഡി) & ഇ) | നിർമ്മൽ മാധവൻ എന്ന വിദ്യാർത്ഥിക്ക് കോഴിക്കോട് ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മൂന്നാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള സീറ്റിൽ പ്രവേശനം നൽകിയ വിഷയത്തിൽ, ഉന്നത ഉദ്യോഗസ്ഥരും അക്കാഡമിക് വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റി അന്വേഷണം നടത്തി വരികയാണ്. |
| ഇ) | ഈഴവ ക്വാട്ടയിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് ഗവൺ മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ 5646-ാം റാങ്ക് വരെയുള്ളവർക്ക് മാത്രമേ പ്രവേശനം ലഭിച്ചിട്ടുള്ളു എന്നിരിക്കെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവും സാമൂഹ്യ നീതി നിഷേധിക്കുന്നതുമായ ഈ വിദ്യാർത്ഥിയുടെ പ്രവേശനം റദ്ദാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ